VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 26-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 35-ാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷന് വേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 26-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഒരു ചെറിയ ഭേദഗതി ദേവസ്വം വകുപ്പുമന്ത്രി എന്നെ അറിയിച്ചു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: പ്രസിഡന്റിന്റെ സന്ദർശന പരിപാടിയുമായി ബന്ധപ്പെട്ട് 28-ാം തീയതി വിദ്യാഭ്യാസമന്ത്രിക്കും 29-ാം തീയതി ദേവസ്വം മന്ത്രിക്കും ഒരു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അങ്ങ് പ്രതിപക്ഷനേതാവും മറ്റുള്ളവരുമായി ആലോചിച്ച് റീ-ഷെഡ്യൂൾ ചെയ്താൽ കൊള്ളാമെന്ന ഒരു നിർദ്ദേശമുണ്ട്. അതായത് 28-ന് എഡ്യൂസാറ്റിന്റെ പരിപാടിയിൽ പ്രസിഡന്റ് പങ്കെടുക്കുന്നുണ്ട്. അത് പ്രതിപക്ഷ നേതാവുമായി സംസാരിച്ച് മാറ്റണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: 29-ന്റേത് എക്സ്ചേഞ്ച് ചെയ്യുമ്പോൾ ലാന്റ് റിഫോംസിന്റേത് പറ്റില്ല. കാരണം 28-ന് ഇൻഡ്യൻ പ്രസിഡന്റ് വരുന്നതുകൊണ്ട് എനിക്കും ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ: നോക്കാം.

ശ്രീ. ടി. എം. ജേക്കബ്: എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ സഭയിൽ പറയണം.

(കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിച്ചു)

GPM. 2/566/2012—30

LIBRARY ARCHIVES Kerala Legislative Assembly